# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം: 2796 18.06.2018 -ൽ മറുപടിക്ക്**

## ചാലക്കുടി ഗവൺമെൻറ് ഹയർ സെക്കന്ററി സ്കൂളിൽ ആധുനിക ലാബ് നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി.ഡി.ദേവസ്സി | പ്രൊഫ: സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) ചാലക്കുടി മണ്ഡലത്തിൽ ആർ. എം.എസ്.എ ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്നതിന് അനുമതി ലഭിച്ച ചാലക്കുടി ഗവൺമെന്റ് ഹയർ സെക്കൻററി സ്കൂളിൽ ആധുനിക ലാബ്, ചാലക്കുടി ഗവൺമെന്റ് ഗേൾസ് എച്ച്.എസ്. കോമ്പൗണ്ടിൽ പ്രീ-മെട്രിക് ഗേൾസ് ഹോസ്റ്റൽ എന്നിവയുടെ നിർമ്മാണം ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ? | എ) ചാലക്കുടി മണ്ഡലത്തിൽപെട്ട ചാലക്കുടി ഗവ: ഗേൾസ് ഹൈസ്കൂൾ കോമ്പൗണ്ടിൽ ആർ.എം.എസ്.എ ഫണ്ട് ഉപയോഗിച്ച് ഗേൾസ് ഹോസ്റ്റൽ നിർമ്മിക്കുന്നതിന് കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിനെ ചുമതലപ്പെടുത്തുകയും നിർമ്മാണുമായി ബന്ധപ്പെട്ട് കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡുമായി നിയമാനുസൃതമായ കരാറിലേർപ്പെടുന്നതിനും അനുബന്ധ നടപടികൾ സ്വീകരിക്കുന്നതിനും തൃശ്ശൂർ വിദ്യാഭ്യാസ ഉപഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട് .ചാലക്കുടി ജി.വി.എച്ച്.എസ്.എസ് ൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന "ഐഡിയൽ ലാബ്"ന്റെ നിർമ്മാണ ചുമതല സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡിനെയാണ് ഏൽപ്പിച്ചിരിക്കുന്നത്. ആയതിലേയ്ക്ക് ആർ.എം.എസ്.എ സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതിലേയ്ക്ക് സൈറ്റ് സർവ്വേ പൂർത്തിയായിട്ടുണ്ട്. നിർമ്മാണ പ്രവർത്തനം ജൂൺ 19-ന് ആരംഭിക്കുവാനാണ് സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് ഉദ്ദേശിക്കുന്നത്. |
| ബി) നിർമ്മാണം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ? | ബി യും സി യും നിലവിൽ തടസ്സങ്ങളൊന്നും തന്നെയില്ല |
| സി) ഉണ്ടെങ്കിൽ അവ നീക്കി നിർമ്മാണം ഉടൻ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ